പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3985 — 25.06.2014- ൽ മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ ഓഫീസുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. എ. മാധവൻ<br>" കെ. അച്ചുതൻ<br>" ഹൈബി ഈഡൻ<br>" വി. പി. സജീന്ദ്രൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | എ) & ബി) | ഫുഡ്സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ കർശനമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>ഫുഡ്സേഫ്ടി ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം, ഫുഡ്സേഫ്ടി കമ്മീഷണർ, ജില്ലാതല ഡെസിഗ്നേറ്റഡ് ഓഫീസർമാർ, സർക്കിൾതല ഫുഡ് സേഫ്ടി ഓഫീസർമാർ എന്നിവരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്ത് 98 ഫുഡ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണ് ഉണ്ടായിരുന്നത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ, 57 ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധിക തസ്തികകൾ ഈ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, ഭരണ സംവിധാനം കാര്യക്ഷമമാക്കുവാനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ രണ്ട് ജോയിന്റ് ഫുഡ് സേഫ്ടി കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധികാരപരിധി നിയമസഭാമണ്ഡല അടിസ്ഥാനത്തിൽ പുനർവിന്യാസം നടത്തി 140 സർക്കിളുകൾ രൂപീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് ആഹാരപദാർത്ഥങ്ങൾ പരിശോധിക്കുവാൻ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിച്ചു വരുന്നു. ഈ ലാബുകൾക്ക് ദേശീയ അംഗീകാരം (NABL) കിട്ടുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ ആക്കിയിട്ടുണ്ട്.<br>തിരുവനന്തപുരം അനലിറ്റിക്കൽ ലാബിന്റെ അക്രഡിറ്റേഷൻ പ്രവൃത്തികൾ 80% ത്തിലധികം പൂർത്തീകരിച്ചിട്ടുണ്ട്.<br>ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലബോറട്ടറി അക്രഡിറ്റേഷൻ നടപടികളുടെ ഭാഗമായി, |
| ബി) | ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | | |

രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 35 സർക്കാർ അനലിറ്റിക്കൽ ലാബുകൾ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ഇതിൽ, ആദ്യഘട്ടത്തിൽ തന്നെ, കേരളത്തിലെ മൂന്ന് ലാബുകൾക്ക് അത്യാധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങൾക്കുമായി 12 കോടി രൂപയുടെ സഹായം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ മറ്റു മാർഗ്ഗനിർദ്ദേശങ്ങൾക്കായി ഫുഡ്സേഫ്ടി കമ്മീഷണർ ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റിയുമായി ബന്ധപ്പെട്ടു വരികയാണ്.

സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷക്കാലം ഭക്ഷ്യ ഉൽപ്പാദകർക്കും വിതരണക്കാർക്കും ലൈസൻസ് /രജിസ്ട്രേഷൻ ഇവ നൽകിയ ഇനത്തിൽ 14.1 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യവ്യാപാരികൾക്ക് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണവും പരിശീലനവും നൽകുന്നതിനായി മൂവായിരത്തിലധികം ക്ലാസ്സുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്.

പൊതുജനങ്ങളുടെ പരാതികൾക്ക് ഉടൻതന്നെ പരിഹാരം കണ്ടെത്തുന്നതിനായി ടോൾഫ്രീ നമ്പറിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട് (1800 425 1125).

വഴിയോരങ്ങളിലും തുറസ്സായ സ്ഥലങ്ങളിലും അനാരോഗ്യകരമായ സാഹചര്യങ്ങളിൽ ഭക്ഷണം വിൽക്കുന്ന തട്ടുകടകൾ, വഴിയോരക്കടകൾ എന്നിവയെ പൊതുജനങ്ങൾ കൂടുതൽ ആശ്രയിക്കുന്നു, എന്നുള്ളത് പരിഗണിച്ച്, സംസ്ഥാനത്ത് "സുരക്ഷിത ഭക്ഷണമേഖലകൾ" ഉണ്ടാക്കുന്ന പദ്ധതിയുടെ തുടക്കം എന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ, മെഡിക്കൽ കോളേജ് ആശുപത്രിയുടെ പരിസരം, നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയുടെ പരിസരം, ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ പാചകം ചെയ്ത ഭക്ഷണസാധനങ്ങൾ വിൽക്കുന്നതിന് ശുചിത്വവും വൃത്തിയും ഉള്ള സ്ഥലങ്ങൾ കണ്ടെത്തി ആരോഗ്യകരമായ രീതിയിൽ ഭക്ഷണസാധനങ്ങൾ വിൽക്കുന്നതിനുള്ള സുരക്ഷിതഭക്ഷണമേഖലകൾ നടപ്പാക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

മേൽപ്പറഞ്ഞ ആശുപത്രികളുടെ പരിസരങ്ങളിൽ രാവിലെ ആറുമുതൽ 9 വരെ രോഗികൾക്കാവശ്യമായ ആഹാരപദാർത്ഥങ്ങൾ വിൽക്കുന്നത് വൃത്തിഹീനമായ സാഹചര്യത്തിലാണ്. ഈ മേഖലയിൽ ആരോഗ്യവകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ വൃത്തിയുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ച് കൊണ്ട് ഭക്ഷണം വിൽക്കുന്ന ആളുകൾക്ക് മെച്ചപ്പെട്ട ഭൗതിക സാഹചര്യം

| | | | |
|---|---|---|---|
| | | | ഉണ്ടാക്കികൊടുത്ത് രോഗികൾക്ക് സുരക്ഷിത ഭക്ഷണം ലഭ്യമാക്കുകയാണ് ലക്ഷ്യം |
| സി) | എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | സി) | സംസ്ഥാനത്ത് ആരോഗ്യവകുപ്പിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കൂടി 98 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകളാണ് ഉണ്ടായിരുന്നത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ 57 ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധിക തസ്തികകൾ ഈ സർക്കാർ സൃഷ്ടിക്കുകയും കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലേക്ക് മാറ്റുകയും ചെയ്തിരുന്നു. ആയത് ഉപയോഗപ്പെടുത്തി നിയമസഭയുടെ Subordinate Legislation Committee- യുടെ ശുപാർശപ്രകാരം, എല്ലാ നിയോജകമണ്ഡലത്തിലും ഒരു ഫുഡ് സേഫ്റ്റി ഓഫീസ് എന്ന രീതിയിൽ പുനക്രമീകരിച്ച് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | നിലവിലുള്ള ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് പുതിയതായി തുടങ്ങുന്ന ഓഫീസുകളുടെ അധിക ചുമതല നൽകി ഇതിനകം ഉത്തരവ് നൽകിയിട്ടുണ്ട്. പുതിയതായി രൂപീകരിച്ച മുഴുവൻ ഓഫീസുകളും 2014 ജൂൺ 30നകം തുറക്കാൻവേണ്ട ക്രമീകരണങ്ങൾ അവസാനഘട്ടത്തിലാണ്. ടി ഓഫീസുകളിൽ അവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**